# 58

# “ഹല്ലെലുയ്യ” ഗായകസംഘം

## (19:1- 6)

ഹാന്റെൽസ് *മെസയ്യയുടെ* “ഹല്ലെലുയ്യാ ഗായകസംഘമാണ്” ലോകത്തിലെ ഏറ്റവും മനോഹരമായ ഗാന-രചനകളിൽ ഒന്ന്.[1] ആ ഗാനത്തിലെ വാക്കുകൾ ലളിതമായവയാണ്, ഏതാനും പ്രയോഗങ്ങളോടുകൂടി “ഹല്ലെലുയ്യ” എന്ന വാക്ക് ആവർത്തിക്കുകയും ചെയ്തിരിക്കുകയാണ്: “സർവ്വശക്തനായ ദൈവം വാഴുന്നു”; “അവന്റെ വാഴ്ച്ച, എന്നുമേന്നേക്കുമുള്ളത്”; “രാജാധിരാജാവും, കർത്താധികർത്താവും!” എങ്കിലും നല്ല ഗാനങ്ങൾ ഏതൊരു ശ്രോതാവിന്റെയും ഉള്ള് തണുപ്പിക്കുന്നവയാണ്. ആ ഗാന രചന നടത്തുമ്പോൾ, ഹാന്റിലിന് താൻ സ്വർഗത്തിൽ ദൈവസാന്നിധ്യത്തിലേക്ക് എടുക്കപ്പെട്ടതുപോലെ തോന്നി എന്നാണ് പറഞ്ഞത്.[2]

പലർക്കും ആ ഗാനം അറിയാം, പക്ഷെ ഹാന്റിലിന്റെ ആ രചന ഏതാണ്ട് ദൈവശ്വാസിയമായ വെളിപ്പാട് 19 നോട് യോജിക്കുന്നതാണെന്ന് പലർക്കും അറിയില്ല. അദ്ധ്യായം തുടങ്ങുന്നു “അനന്തരം ഞാൻ സ്വർഗത്തിൽ വലിയോരു പുരുഷാരത്തിന്റെ മഹാ ഘോഷം പോലെ കേട്ടത്, ഹല്ലെലുയ്യാ, രക്ഷയും മഹത്വവും ശക്തിയും നമ്മുടെ ദൈവത്തിനുള്ളത്” (വാ. 1). ആദ്യത്തെ ആറു വാക്യങ്ങളിൽ വീണ്ടും വീണ്ടും മുഴങ്ങി കേൾക്കുന്നു: “ഹല്ലെലുയ്യാ!” (വാ. 1, 3, 4, 6). വാക്യം 6-ൽ സ്വർഗത്തിലേയും ഭൂമിയിലേയും ഗായകസംഘം പാടുന്നു, “ഹല്ലെലുയ്യാ! നമ്മുടെ ദൈവമായ കർത്താവ് രാജത്വം ഏറ്റിരിക്കുന്നു” അവസാനം, നാം വാക്യം 16-ൽ വായിക്കുന്നു, “ ‘കർത്താധികർത്താവും രാജാധിരാജാവും ... എന്ന നാമം അവന്മേൽ എഴുതിയിരിക്കുന്നു.’ ”[3]

വെളിപ്പാട് 19:1-6 ലേയും ഹാന്റിലിന്റെ ഗാനത്തിലേയും താക്കോൽ വാക്ക് “ഹല്ലെലുയ്യാ” എന്നാണ്. “ഹല്ലെലുയ്യാ” ആദ്യ എബ്രായവാക്ക് ഗ്രീക്കിലേക്കും പിന്നെ ഇംഗ്ലീഷിലേക്കും ലിപി മാറ്റിയതാണ്.[4] അത് എബ്രായ വാക്കായ “പ്രെയ്സ്” (*ഹലാഹ്*) എന്നതും ദൈവത്തിന്റെ വിശുദ്ധനാമത്തിനുള്ള (“യഹോവ” എന്നതിന്റെ ചുരുക്കപ്പേരായ, *യാഹ്*) എന്നതും ചേർന്ന സംയുക്ത എബ്രായ വാക്കാണ്. “യഹോവക്ക് സ്തുതി” എന്നാണ് അതിന്റെ അക്ഷരാർത്ഥം - അതു പൊതുവിൽ തർജിമ ചെയ്തിരിക്കുന്നത് “കർത്താവിന് സ്തുതി”[5] എന്നാണ്.

മിക്ക ബൈബിളിലും വെളിപ്പാട് 19:1-6-ൽ മാത്രമാണ് “ഹല്ലെലുയ്യാ” എന്ന വാക്കുള്ളത് എന്നത് ചിലരെ അത്ഭുതപ്പെടുത്തുന്നതാണ്. ആ വാക്ക് ബൈബിളിൽ ഉടനീളം ഉള്ളതുപോലെ തോന്നും മതപരമായ ലോകത്ത് ആ വാക്കിന്റെ ഉപയോഗം കണ്ടാൽ - പക്ഷെ അത് അങ്ങനെയല്ല. അതിന്റെ എബ്രായ വാക്ക് സങ്കീർത്തന പുസ്തകത്തിൽ ഇരുപത്തി-നാല് പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു, എന്നാൽ അവ മാറ്റമില്ലാതെ തർജിമ ചെയ്തിരിക്കുന്നത്, “പ്രെയ്സ് ദ ലോർഡ്!” അല്ലെങ്കിൽ തത്തുല്യമായതാണ്.[6] സ്റ്റാൻഡേർഡ് ഇംഗ്ലീഷ് ബൈബിളിൽ, “ഹല്ലെലുയ്യാ” എന്ന വാക്ക് നാല് പ്രാവശ്യമേയുള്ളു - എല്ലാം 19:1-6 ലാണ്. ഇവിടെ നമുക്ക് സ്വർഗീയമായ “ഹല്ലെലുയ്യാ” സംഘഗാനമാണ്.

നമ്മുടെ പഠനങ്ങളിൽ നാം അനേക പുകഴ്ച്ചാ വേദഭാഗങ്ങൾ കാണു

കയുണ്ടായി; എന്നാൽ അദ്ധ്യായം 19-ൽ ദൈവത്തിന് പുകഴ്ച്ച അർപ്പിക്കുന്നത് അതിന്റെ മൂർദ്ധന്യാവസ്ഥയിലെത്തി. ആരാധനയിൽ മുഖ്യമായത് പുകഴ്ച്ചയാണ് എന്ന് ഞാൻ പറഞ്ഞുവല്ലോ - അതിൽ ഒരു വ്യക്തിപരമായ അപര്യാപ്തത ഞാൻ കാണുന്നു. ആകയാൽ, ഈ വർഷത്തിന്റെ ആരംഭത്തിൽ ദൈവത്തിനു പുകഴ്ച്ച കൊടുക്കുന്ന വേദഭാഗങ്ങളെ കുറിച്ച് ഞാൻ വായിക്കുവാൻ തുടങ്ങി. അടിസ്ഥാനപരമായി നാം രണ്ടു കാര്യങ്ങൾക്കാണ് ദൈവത്തിന് സ്തുതി അർപ്പിക്കേണ്ടതെന്നാണ് ഞാൻ തീർച്ചയാക്കിയത്: ആരാണെന്നതിനും, അവൻ എന്തു ചെയ്തു എന്നതിനും. ആ രണ്ടു വിഷയങ്ങളും ഉൾപ്പെടുന്ന വേദഭാഗമാണ് സങ്കീർത്തനങ്ങൾ 150:2: "അവന്റെ വീര്യപ്രവൃത്തികൾ നിമിത്തം അവനെ സ്തുതിപ്പിൻ, അവന്റെ മഹിമാധിക്യത്തിന് [അവൻ ആരാണെന്നതിന്] തക്കവണ്ണം അവനെ സ്തുതിപ്പിൻ." വെളിപ്പാടിലെ "ഹല്ലെലുയ്യാ" ഗാനവും ആ രണ്ട് വിഷയങ്ങളെ ആസ്പദമാക്കിയുള്ളതാണ്.

### ദൈവം ചെയ്തവയ്ക്കായി സ്തുതിക്കൽ (19:1-4)

അദ്ധ്യായം 18 ലെ കൽപനയോടുള്ള പ്രതികരണമായിരുന്നു അദ്ധ്യായം 19 ലെ ആദ്യ വാക്യങ്ങൾ: "സ്വർഗമേ, ദൈവം അവളോട് [അതായത്, ബാബിലോനോട്] നിങ്ങൾക്കുവേണ്ടി പ്രതികാരം നടത്തിയതുകൊണ്ട് അവളെ ചൊല്ലി ആനന്ദിപ്പിൻ" (18:20). അദ്ധ്യായം 18 ലെ തേങ്ങലിനും മ്ലാനതക്കും ശേഷം അദ്ധ്യായം 19-ൽ ആനന്ദം നിറഞ്ഞ ഗാനമാണ്.

"അനന്തരം ഞാൻ കേട്ടു" എന്നു പറഞ്ഞാണ് ആരംഭിക്കുന്നത്. റോമിന്റെ നാശം കാണിച്ചുകൊടുത്ത ശേഷം എന്നാണ് "അനന്തരം" എന്ന വാക്ക് അർത്ഥമാക്കുന്നത്. 17:1-ൽ പറഞ്ഞു തുടങ്ങിയ ബാബിലോന്റെ വീഴ്ച്ചയെ എടുത്തുകാണിക്കുന്ന ഭാഗമാണ് അദ്ധ്യായം 19 ലെ ആദ്യത്തെ ആറു വാക്യങ്ങൾ. നാം 19:1-ൽ വായിക്കുന്നു, "സ്വർഗത്തിൽ വലിയോരു പുരുഷാരത്തിന്റെ മഹാഘോഷം പോലെ ഞാൻ കേട്ടു." 5:11-ൽ ദൂതന്മാരുടെ ഒരു വലിയ സംഘത്തെയും, 7:9-ൽ രക്ഷിക്കപ്പെട്ടവരുടെ വലിയോരു സംഘത്തെയും നാം വായിച്ചു. ആ കേട്ട ശബ്ദം ഒരുപക്ഷെ ആ രണ്ടു കൂട്ടരുടേയും ആയിരിക്കാം.[7]

സ്വർഗീയ ഗായകസംഘം പാടി, "ഹല്ലെലുയ്യാ, രക്ഷയും,[8] മഹത്വവും, ശക്തിയും നമ്മുടെ ദൈവത്തിനുള്ളതല്ലോ" (വാ. 1).[9] മഹത്വവും, ശക്തിയും തന്റേതു മാത്രമാണെന്നാണ് റോം വിചാരിച്ചത്; ലോകത്തിന്റെ രക്ഷിതാവ് കൈസരാണെന്നായിരുന്നു അവൾ ഊന്നി പറഞ്ഞിരുന്നത് - എന്നാൽ അവൾക്ക് തെറ്റി. യഹോവയിൽ മാത്രമാണ്, രക്ഷയും, മഹത്വവും, ശക്തിയും. വില്യം ബാർക്ലേ എഴുതി,

> ദൈവത്തിന്റെ മനോഗുണങ്ങളായ ഇവ ഓരോന്നും ഒരു മനുഷ്യന്റെ ഹൃദയത്തിൽ പ്രതികരണം ഉണർത്തുന്നവയായിരുന്നു. ദൈവത്തിന്റെ *രക്ഷ* മനുഷ്യന്റെ *നന്ദി* ഉണർത്തും; ദൈവമഹത്വം മനുഷ്യന്റെ *ആദരവ്* ഉണർത്തും; ദൈവത്തിന്റെ *ശക്തി* ... മനുഷ്യന്റെ ... *ആശ്രയത്തെ* ഉണർത്തും - നന്ദി, ആദരവ്, ആശ്രയം - എന്നിവ വാസ്തവത്തിലുള്ള സ്തുതിയിൽ ഉൾപ്പെടുന്നതാണ്.[10]

അത്തരം ഉയർന്ന വാക്കുകൾ ഉപയോഗിച്ച് ഗായകർ ദൈവത്തോട് സംസാരിച്ചതെന്തുകൊണ്ട്? "കാരണം അവന്റെ ന്യായവിധികൾ സത്യവും നീ

തിയുമുള്ളവ" (വാ. 2).[11] നമ്മുടെ വിധികൾ പലപ്പോഴും തെറ്റിപ്പോകും, എന്നാൽ ദൈവത്തിന്റെ വിധികൾ എപ്പോഴും സത്യവും നീതിയുമുള്ളവ.

> ദൈവത്തിന്റെ വിധികൾ മാത്രം തികവുള്ളതാകുവാൻ മൂന്ന് കാരണങ്ങളാണുള്ളത്. ഒന്നാമത്, ഏതോരാളുടെയും ഉള്ളിലുള്ള വിചാരങ്ങളും ആഗ്രഹങ്ങളും അറിയാവുന്നത് ദൈവത്തിന് മാത്രമാണ്. രണ്ടാമത്, അവന് മാത്രമെ മുൻവിധി കൂടാതെ വിധിക്കുവാൻ കഴിയു. മൂന്നാമത്, ശരിയായ ന്യായവിധി നടത്തുവാനുള്ള ജ്ഞാനവും അത് നടപ്പാക്കുവാനുള്ള യുക്തമായ ശക്തിയും അവനു മാത്രമെയുള്ളു.[12]

ഗാനം പിന്നെ പൊതുവായ അവസ്ഥയിൽനിന്ന് അതിന്റെ പ്രത്യേകമായ അവസ്ഥയിലേക്ക് തിരിഞ്ഞു - പ്രത്യേകമായ സത്യവും നീതിയുമുള്ള വിധികൾ:

> "വേശ്യാവൃത്തികൊണ്ട് ഭൂമിയെ വഷളാക്കിയ മഹാവേശ്യക്ക് [അതായത് റോമാ നഗരം[13]] അവൻ ശിക്ഷ വിധിച്ചു. തന്റെ ദാസന്മാരുടെ രക്തം അവളുടെ കയ്യിൽനിന്ന് ചോദിച്ചു പ്രതികാരം ചെയ്തതുകൊണ്ട് അവന്റെ ന്യായവിധികൾ സത്യവും നീതിയുമുള്ളവ. അവർ പിന്നെയും 'ഹല്ലെലുയ്യാ!' അവളുടെ പുക എന്നെന്നേക്കും പൊങ്ങുന്നു എന്നു പറഞ്ഞു!"[14] (വാ. 2, 3).

"പുരാതന സമൂഹത്തിന്റെ എല്ലാ മുക്കിലേക്കും തിന്മ വ്യാപിപ്പിച്ചത്" റോമായിരുന്നു; "സകലവിധ പൈശാചികമായ ആസൂത്രണങ്ങളും മനുഷ്യ മനസിലേക്ക് എത്തിച്ചത് [ഒഴുകിയിരുന്നത്] അവളിൽനിന്നായിരുന്നു."[15] അവളുടെ പാപങ്ങൾ "ആകാശത്തോളം കുന്നിച്ചിരിക്കുന്നു" (18:5). അങ്ങനെ അവസാനം ദൈവം അവളെ "ഓർത്തു" (16:19; 18:5).

ഹാന്റലിന്റെ *മശിഹാ* ഗാനം പരിചയമുള്ളവർക്ക് അദ്ദേഹത്തിന്റെ "ഹല്ലെലുയ്യാ ഗാനവും" വെളിപ്പാട് 19:1–6 ഉം തമ്മിൽ ഒരു വ്യത്യാസം കാണുവാൻ കഴിയും. ദൈവത്തിന്റെ പദ്ധതി യേശു മുഖാന്തരം നിറവേറുന്നതായിട്ടാണ് അദ്ദേഹം തന്റെ രചന നടത്തിയിരിക്കുന്നത്: അത് യേശുവിന്റെ മരണം, ഉയിർപ്പ്, സ്വർഗാരോഹണം എന്നിവ കാണിച്ചു മരണത്തെ ജയിക്കുന്ന ആഘോഷമായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. നേരെ മറിച്ച്, വെളിപ്പാട് 19 ന്റെ ആദ്യ ഭാഗത്ത് ദൈവത്തിന്റെ ക്രോധത്താലുള്ള പകരം വീട്ടലിൽ കയ്യടിക്കുന്നതായി തോന്നുന്നു. ജീവനെയും സ്വാതന്ത്ര്യത്തെയുമാണ് ഒരു "ഹല്ലെലുയ്യാ ഗാനം" വിരൽ ചൂണ്ടുന്നതെങ്കിൽ, മറ്റൊന്ന് നാടകീയമായി മരണത്തെയും നാശത്തെയുമാണ് കാണിക്കുന്നതെന്ന് തോന്നുന്നു.

ഈ അന്തരം ക്രിസ്ത്യാനികൾക്ക് അസാധാരണമായി തോന്നിയേക്കാം. നമുക്ക് കൂടുതൽ പരിചയമുള്ളത് ഒരു പാപി മാനസാന്തരപ്പെടുമ്പോഴുണ്ടാകുന്ന സന്തോഷമാണ് (ലൂക്കൊസ് 15:7, 10) അല്ലാതെ മാനസാന്തപ്പെടുവാൻ അവസരമില്ലാതെ നഷ്ടപ്പെടുന്നവരെ കുറിച്ചല്ല. ബാബിലോനെ ദൈവം നശിപ്പിച്ചതിന് ദൈവത്തെ പുകഴ്ത്തുന്നതിനെ കുറിച്ച് ബൈബിൾ വിമർശകർ വാചാലമാകാറുണ്ട്. വെളിപ്പാടിലെ വിധികളെ കുറിച്ചുള്ള വിവാദങ്ങൾ നാം ചർച്ച ചെയ്തതാണെങ്കിലും,[16] കുറച്ചുകൂടെ പരാമർശം ആവശ്യമാണെന്ന്

തോന്നുന്നു.

വെളിപ്പാട് 19:1-6 തുടങ്ങിയ വേദഭാഗങ്ങളുടെ പ്രസക്തിയും സാഹചര്യവും നാം ആദ്യം മനസിലാക്കണം. ക്രിസ്ത്യാനികൾ മേശക്ക് ചുറ്റുമിരുന്നു കാപ്പികുടിച്ചുകൊണ്ട്, ഗവൺമെന്റിനോടുള്ള ക്രിസ്ത്യാനികളുടെ ബന്ധത്തെ കുറിച്ചോ, ദൈവത്തിന്റെ പകരം വീട്ടലും വ്യക്തിപരമായ പകരം വീട്ടലും എന്ന വിഷയങ്ങളെ കുറിച്ചോ ചർച്ച ചെയ്യുകയായിരുന്നില്ല. അവർ നിലനിൽപിനു വേണ്ടി മല്ലിടുകയായിരുന്നു; അവരുടെ ജീവൻ തന്നെ അപകടത്തിലായിരുന്നു.

> സിംഹങ്ങൾക്ക് എറിഞ്ഞുകൊടുത്തതിനാൽ അവരുടെ കുടുംബാംഗങ്ങളിൽ ചിലർ നഷ്ടപ്പെട്ടിരുന്നു. റോമിലെ ആകാശം രാത്രി പ്രകാശിപ്പിക്കുവാനായി വേറെ ചിലരെ തടികൾകൂട്ടി അതിലിട്ട് ചുട്ടുകളഞ്ഞു, ക്രിസ്ത്യാനികളെ ദണ്ഡിപ്പിച്ച് വന്യമൃഗങ്ങളുടെ തൊലിയുടുപ്പിച്ച് വന്യമൃഗങ്ങളുള്ള കാട്ടിലാക്കി.[17]

വീണ്ടും ഉറപ്പിനായി അവരുടെ ആത്മാക്കൾ നിലവിളിച്ചു - അതാണ് വെളിപ്പാട് പുസ്തകം അവർക്ക് നൽകിയത്.

നിങ്ങൾ ഒരു ഇരുണ്ട വനത്തിൽ കൂടെ മുറിവേറ്റ മൃഗത്തിൽനിന്ന് ഓടി രക്ഷപ്പെടുന്നതായി സങ്കൽപിക്കുക. ഇരുട്ടിൽ ഓടുമ്പോൾ, ഉള്ളിൽ ഭയമാണ്, ഓടുന്ന സമയത്ത് മുഖത്ത് വന്ന് മരത്തിന്റെ കോമ്പുകൾ അടിക്കും. പെട്ടെന്ന് രക്തദാഹിയായ ജീവി നിങ്ങളുടെ അടുത്തേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു, വീണുകിടക്കുന്ന മരക്കൊമ്പിൽ തട്ടി നിങ്ങൾ വീഴുന്നു, തിരിഞ്ഞുനോക്കിയപ്പോൾ അടുത്തെത്തിയ മൃഗത്തിന്റെ കണ്ണുകൾ പ്രകാശിക്കുന്നതായി തോന്നുന്നു. ആ ജീവി തന്റെ ഭയങ്കരമായ വായ് പിളർന്ന് നിങ്ങളുടെ ശരീരം കടിച്ചുകീറി തിന്നുമെന്നായി. നിങ്ങൾ ഉടനെ കണ്ണുകളടക്കുന്നു. അപ്പോൾ പെട്ടെന്ന് ഒരു വെടിയുടെ ശബ്ദം നിങ്ങൾ കേൾക്കുന്നു. നിങ്ങൾ കണ്ണുതുറന്ന് നോക്കുമ്പോൾ ആ വന്യജീവി നിങ്ങളുടെ കാൽക്കൽ കിടക്കുന്നതാണ് കാണുന്നത്. നിങ്ങൾ അപ്പോൾ സന്തോഷിക്കുകയില്ലേ? നിങ്ങളുടെ രക്ഷക്കായി വന്നയാളെ നിങ്ങൾ അനുമോദിക്കയില്ലേ?

ആകയാൽ, അദ്ധ്യായം 19 ലെ സന്തോഷം സ്വാഭാവികമായിരുന്നു എന്ന് ഞാൻ ആദ്യം തന്നെ, പറയട്ടെ. അദ്ധ്യായം 13 ലെ ഭയാനക ജീവി, വർണ്ണപ്പകിട്ടുള്ള വേശ്യയാൽ നശിപ്പിക്കപ്പെട്ട വിദ്വേഷത്താൽ, ക്രിസ്ത്യാനികളെ പിന്തുടർന്നുകൊണ്ടിരുന്നു. തങ്ങളുടെ നാശത്തിനിടയാക്കിയവരുടെ അന്ത്യത്തിൽ അവർ സന്തോഷിച്ചില്ലെങ്കിൽ, അവർ സാധാരണ മനുഷ്യരേക്കാൾ തരം താഴ്ന്നവരാകും.

എങ്ങനെയായാലും, നാം അത് ആഴത്തിൽ അന്വേഷിക്കണം. ബാലിശമായതോ ദുർബുദ്ധിയോടുകൂടിയതോ ആയ അന്യന്റെ വേദനയിലുള്ള സന്തോഷമല്ല അദ്ധ്യായം പറയുന്നതെന്ന് നാം ഊന്നി പറയണം. അദ്ധ്യായം 19 ലെ "ഹല്ലെലുയ്യാ!" ഗാനം സൂചിപ്പിക്കുന്നത്, "പ്രതികാരമല്ല ... പിന്നെയോ പകരം വീട്ടലാണ്."[18] മുഖ്യവിഷയം പകവീട്ടലല്ല, മറിച്ച് നിർദ്ദോഷീകരിക്കലാണ്.[19]

പക വീട്ടൽ ക്രിസ്ത്യാനിക്കുള്ളതല്ല എന്ന് പുതിയനിയമം വ്യക്തമാക്കുന്നുണ്ട്. നാം ശത്രുക്കളെ സ്നേഹിക്കുകയും നമ്മെ ഉപദ്രവിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിക്കയും വേണം (മത്തായി 5:44). പൗലൊസ് കൽപിച്ചു, "നിങ്ങളെ ഉപദ്രവിക്കുന്നവരെ അനുഗ്രഹിപ്പിൻ ..."; "ആർക്കും തിന്മക്കു പ

കരം തിന്മ ചെയ്യാതിരിപ്പിൻ" (റോമർ 12:14, 17). എങ്ങനെയായാലും, റോമർ 12 വ്യക്തിപരമായ പകപോക്കൽ പാടില്ല എന്ന് പറഞ്ഞിട്ടുണ്ടെങ്കിലും. ദൈവം പകരം വീട്ടുമെന്ന് പറഞ്ഞിരിക്കുന്നു: "നിങ്ങൾ തന്നെ പ്രതികാരം ചെയ്യാതെ, ദൈവകോപത്തിന് ഇടം കൊടുപ്പിൻ. 'പ്രതികാരം എനിക്ക് ഉള്ളത്, ഞാൻ പകരം ചെയ്യും' എന്നു കർത്താവ് അരുളിച്ചെയ്യുന്നു" (വാ. 19).

"ബൈബിളിൽ ഇടമുറിയാതെ ... പറഞ്ഞിരിക്കുന്ന വിഷയമാണ് ദൈവിക പ്രതികാരം."[20] ദൈവത്തിന്റെ പ്രത്യേകമായ അവകാശമാണ് പ്രതികാരം[21] എന്ന് വീണ്ടും വീണ്ടും നമ്മെ ഓർപ്പിച്ചിരിക്കുകയാണ്. വളരെ മുൻപു തന്നെ ദൈവജനത്തോട് പറഞ്ഞിരുന്നു, "ജാതികളേ, അവന്റെ ജനത്തോടുകൂടെ ഉല്ലസിപ്പിൻ, അവൻ സ്വദാസന്മാരുടെ രക്തത്തിന് പ്രതികാരം ചെയ്യും, തന്റെ ശത്രുക്കളോട് അവൻ പകരം വീട്ടും; തന്റെ ജനത്തിന് ... അവൻ പാപപരിഹാരം വരുത്തും" (ആവർത്തനപുസ്തകം 32:43). ദൈവം തന്റെ വാഗ്ദാനത്തിൽ അപ്പോഴും ഉറച്ചുനിൽക്കുന്നു എന്നത് ആരംഭക്രിസ്ത്യാനികളെ പ്രോൽസാഹിപ്പിക്കുന്നതായിരുന്നു. തീർച്ചയായും ഇതായിരുന്നു അവരെ സന്തോഷിപ്പിച്ചത്.

നമുക്ക് ഒരടി മുമ്പോട്ട് ചിന്തിക്കാം: വെളിപ്പാട് 19:1-6 ലെ മുഖ്യവിഷയം, പകപോക്കലല്ല, മറിച്ച് നിർദ്ദോഷീകരിക്കലാണ് എന്ന് ഞാൻ അൽപം മുമ്പ് പറഞ്ഞു. അത് ക്രിസ്ത്യാനികളെ നിർദ്ദോഷീകരിക്കലാണ്: റോം അവരെ ക്രൂരകൃത്യക്കാരെപോലെയാണ് കൊന്നത്. എന്നാൽ ദൈവം അവരെ വിശുദ്ധരായി ഉയർത്തി. എങ്ങനെയായാലും, *ദൈവത്തി*ന്റെ ഉദ്ദേശവും, പദ്ധതിയും, നിർദോഷീകരിക്കലുമാണ് പ്രധാനം.

വാസ്തവത്തിലുള്ള യുദ്ധം ദൈവവും പിശാചും തമ്മിലാണ് എന്ന് വെളിപ്പാട് 12-ൽ നാം കണ്ടു. തിന്മ തടയാതിരുന്നാൽ എന്തു സംഭവിക്കും? ദൈവം പാപത്തെ ശിക്ഷിക്കാതിരുന്നാൽ എന്തു സംഭവിക്കും? തിന്മ ജയിക്കുന്നു എന്ന് വരികയില്ലേ? വെളിപ്പാട് 19:1-6 ലെ പശ്ചാത്തലം എന്തെന്നാൽ, "ദൈവഭരണമാണോ അതോ മനുഷ്യരുടെ കാര്യത്തിൽ പിശാചിന്റെ വഞ്ചനാശക്തിയാണോ ജയിക്കുന്നത് എന്നതാണ് ചോദ്യം."[22]

ചിലർ തടസവാദം ഉന്നയിച്ചേക്കാം, "പാപത്തിൽ തുടർന്ന് ദൈവത്തെ അനുസരിക്കാത്തവരോട്, ദൈവം കരുണ കാണിക്കണം" നിരന്തരമായി പാപം ചെയ്തുകൊണ്ടിരിക്കുന്നതിനെ ദൈവം ശിക്ഷിച്ചില്ലെങ്കിൽ, അത് ദൈവത്തിന്റെ കരുണയായിട്ടല്ല *ഉദാസീനതയായിട്ടാണ്* വരുന്നത് - അവൻ മനുഷ്യൻ പാപം ചെയ്യുന്നത് ഗണ്യമാക്കുന്നില്ല എന്നു വരും. ആസന്നമെന്നതിനെ സംബന്ധിച്ച്, ദൈവം വിഗ്രഹാരാധന നടത്തുന്നവരോട് ഉദാസീനത കാണിക്കയോ നിഷ്ഠൂരവാഴ്ച്ചനടുത്തുകയോ ചെയ്തില്ല, തന്റെ ജനത്തിന്റെ കഷ്ടതയിലും അവൻ ഉദാസീനത കാണിച്ചിരുന്നില്ല. ആൽബർട്ട് ബാൽഡിഞ്ചർ പറഞ്ഞു,

> ... വ്യക്തികളുടേയും സമൂഹത്തിന്റേയും സങ്കടങ്ങളേക്കാളും സന്തോഷത്തേക്കാളും പ്രാധാന്യമുള്ള കാര്യങ്ങൾ വേറെയുണ്ട്.
>
> ... നിത്യനീതിക്കെതിരായി മൽസരിച്ച് ജീവിച്ചിട്ട് വെല്ലുവിളി നേരിടാതെയും കണക്കുകൊടുക്കുവാൻ വിളിക്കപ്പെടാതിരിക്കയും ചെയ്യുന്നത് ഭീതിജനകമാണ്.[23]

വെളിപ്പാട് 19:1-6 നെ കുറിച്ച് റേ സമ്മേഴ്സ് ഇങ്ങനെ തീർച്ചപ്പെടുത്തി, "റോമിൽ സംഭവിച്ചത് സത്യത്തിന്റെയും നീതിയുടേയും വിജയമല്ലെങ്കിൽ,

അവർ പാടിയത് സന്തോഷത്തിന്റെ ഗാനമായിരിക്കയില്ല"[24] ഈ ചിന്ത നിങ്ങളുടെ മനസിൽ അടിവരയിടുക: ഈ വേദഭാഗം പകയുടെ ഗാനമല്ല, പുകഴ്ച്ചാ ഗാനമാണ്.

പുകഴ്ച്ച വാക്യം 4-ൽ തുടരുന്നു: "ഇരുപത്തു-നാല് മൂപ്പന്മാരും നാല് ജീവികളും 'ആമേൻ ഹല്ലേലൂയ്യാ!' എന്നു പറഞ്ഞു സിംഹാസനത്തിൽ ഇരിക്കുന്ന ദൈവത്തെ വീണു നമസ്ക്കരിച്ചു"

അദ്ധ്യായം 4 ലെ സിംഹാസന രംഗത്തിൽ നാം ആദ്യം ഇരുപത്തു-നാല് മൂപ്പന്മാരെയും നാല് ജീവികളെയും കാണുകയുണ്ടായി.[25] ഇരുപത്തു-നാല് മൂപ്പന്മാർ പ്രതിനിധീകരിക്കുന്നത് വിജയികളായിതീർന്ന ക്രിസ്ത്യാനികളാണെന്ന് പറഞ്ഞിരുന്നു. എല്ലാ സൃഷ്ടികളെയും ആലങ്കാരികമായി പ്രതിനിധീകരിക്കുന്ന പ്രത്യേക ദൂതന്മാരോ അല്ലെങ്കിൽ ദൈവികസ്വഭാവമുള്ള സ്വർഗീയസൈന്യമോ ആയിരിക്കാം നാല് ജീവികൾ. ആദരിക്കുന്ന സമൂഹം എന്നതായിരുന്നു ആ രണ്ട് സംഘത്തിന്റേയും പ്രത്യേകത (5:8, 14; 7:11). വെളിപ്പാടിലെ അവരുടെ ഈ അവസാന പ്രത്യക്ഷതയിൽ, ഒരിക്കൽ കൂടെ അവർ കർത്താവിന്റെ മുൻപിൽ വീണു. സ്വർഗീയ ഗായകസംഘം ഉറക്കെ "ഹല്ലേലൂയ്യാ!" പാടിയതിനോട്[26] അവർ "ആമേൻ" എന്നു ചേർത്തു. ദൈവം ചെയ്തതിന് അവർ ദൈവത്തെ പുകഴ്ത്തി.

## അവൻ ആരാണെന്നതിന് ദൈവത്തെ പുകഴ്ത്തൽ (19:5, 6)

ദൈവം *ചെയ്തതിന്* ദൈവത്തെ പുകഴ്ത്തുന്നു എന്ന് പറഞ്ഞാൽ ദൈവ *സ്വഭാവത്തെ* പുകഴ്ത്തുന്നു എന്നാണർത്ഥം. അവൻ മഹത്വവും ശക്തിയുമുള്ള രക്ഷിതാവാണെന്ന് വാക്യം 1-ൽ അന്തർലീനമാക്കിയിരിക്കുന്നു. അവൻ ന്യായവും നീതിയും സത്യവുമുള്ളവനാണെന്ന് വാക്യം 2 പറയുന്നു. എങ്ങനെയായാലും, വാക്യം 5 ആരംഭിക്കുന്നത്, ദൈവം *ആരാണെന്ന*തിന് അവനെ പുകഴ്ത്തിക്കൊണ്ടാണ്.

"സിംഹാസനത്തിൽനിന്ന് ഒരു ശബ്ദം പുറപ്പെട്ടു" (വാ. 5). അത് ഒരുപക്ഷെ "സിംഹാസനത്തിനു മദ്ധ്യേയും ചുറ്റിലുമായിരുന്ന" നാല് ജീവികളുടേതായിരിക്കാം (4:6).[27] ശബ്ദം പറഞ്ഞു, "നമ്മുടെ ദൈവത്തിന്റെ സകല ദാസന്മാരുടെ ഭക്തന്മാരുമായി ചെറിയവരും വലിയവരുമായുള്ളോരേ, അവനെ വാഴ്ത്തുവിൻ"[28] (വാ. 5). മറ്റൊരു വാക്കിൽ ക്രിസ്ത്യാനികൾ എന്നു പറയുന്നതാണ് "ദാസന്മാർ" എന്നത് (1:1 നോക്കുക); അത് കർത്താവിനോടുള്ള നമ്മുടെ കടപ്പാട് ഊന്നിപ്പറയുന്ന വാക്കാണ്. അവരുടെ ജീവിതം കർത്താവിനോട് സമർപ്പിച്ചതിനാൽ, ആദരവും ബഹുമാനത്തോടൊപ്പം ആ വ്യക്തികൾക്ക് "ഭയവും" ഉണ്ടായിരുന്നു (സഭാപ്രസംഗി 12:13). *എല്ലാ* ക്രിസ്ത്യാനികളും ദൈവത്തെ പുകഴ്ത്തണം എന്ന സൂചനയാണ് "ചെറിയവരും വലിയവരും" എന്ന പ്രയോഗത്തിൽ അടങ്ങിയിരിക്കുന്നത്. "വർഗ വ്യത്യാസവും, വംശവ്യത്യാസവും, സംസ്ക്കാരവ്യത്യാസവുമെല്ലാം പഴഞ്ചനായി മാറി."[29]

ആ ശബ്ദത്തോടുള്ള പ്രതികരണമായി, "യോഹന്നാൻ വലിയ പുരുഷാരത്തിന്റെ ഘോഷം പോലെയും പെരുവെള്ളത്തിന്റെ ഇരെച്ചൽ പോലെയും, തകർത്ത ഇടിമുഴക്കം പോലെയും കേട്ടു" (വാ. 6). ഇതേ വാക്കുകൾ വെളിപ്പാടിൽ മുൻപും ഉപയോഗിച്ചിട്ടുണ്ട് (1:15; 14:2), അത് ഗാനത്തിന്റെ മനോഹാരിതയും ശക്തിയും എടുത്തുകാണിച്ചുകൊണ്ടായിരുന്നു.

പുരുഷാരം പാടി, "ഹല്ലേലൂയ്യാ! സർവ്വശക്തിയുള്ള നമ്മുടെ ദൈവമായ

കർത്താവ് രാജത്വം ഏറ്റിരിക്കുന്നു" (വാ. 6). ഗാനത്തിന്റെ ഈ ഭാഗം ചെറുതാണെങ്കിലും ശക്തമാണ്. "കർത്താവ്" എന്ന വാക്കിനർത്ഥം "യജമാനൻ" അല്ലെങ്കിൽ "വാഴുന്നവൻ" എന്നാണ്. "സർവ്വശക്തൻ" എന്നത് വെളിപ്പാടിലെ ദൈവത്തെ കുറിച്ചുള്ള[30] പ്രത്യേക വിവരണമാണ്. അക്ഷരികമായി, ആ വാക്കിനർത്ഥം "എല്ലാറ്റിനേയും നിയന്ത്രിക്കുന്നവൻ"[31] എന്നാണ്. "രാജത്വം" എന്ന വാക്കിനും പ്രാധാന്യമുണ്ട്. ഭൗമിക കാഴ്ച്ചപ്പാടിൽ, ചക്രവർത്തിയാണ് എല്ലാം നിയന്ത്രിക്കുന്നത്, പക്ഷെ അത് മായ മാത്രമാണ്. വാസ്തവത്തിൽ ഭരിക്കുന്നത് ദൈവമാണ്.

മൂല ഗ്രന്ഥത്തിൽ "രാജത്വം" എന്ന വാക്ക് ഭൂതകാലത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. അതിന്റെ അക്ഷരിക തർജിമ വരുന്നത് "സർവ്വശക്തിയുള്ള, ദൈവമായ കർത്താവ് *വാണു*" എന്നാണ്. പുരുഷാരം ആഘോഷിച്ചത് വർത്തമാന-കാല വിജയമായതുകൊണ്ട് മിക്ക തർജിമക്കാരും ആ വാക്ക് (റെയിൻസ്) വർത്തമാനകാലത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്, എന്നാൽ ജയിക്കുന്നതിനുമുൻപ് അവൻ റോമിനെ വാണിരുന്നില്ല എന്ന് ആ തർജിമകളിൽനിന്ന് ധരിക്കരുത്.[32] ദൈവം എല്ലായ്പോഴും ഭരിച്ചിരുന്നു. മോശെ പാടി: "യഹോവ എന്നേക്കും വാഴുന്നു" (പുറപ്പാട് 15:18). "യഹോവ എന്നേക്കും രാജാവായിരിക്കുന്നു" എന്നാണ് ദാവീദ് പറഞ്ഞത് (സങ്കീർത്തനങ്ങൾ 29:10). "മനുഷ്യരുടെ രാജത്വത്തിന്മേൽ അത്യുന്നതനായവൻ വാഴുന്നു" എന്നാണ് ദാനിയേൽ രാജാവിനോട് പറഞ്ഞത് (ദാനിയേൽ 4:25). ദൈവം *വാണു* എന്നും, *വാണുകൊണ്ടിരുന്നു* എന്നും, വാണുകൊണ്ടിരിക്കുകയും *ചെയ്യും* എന്ന സന്ദേശമാണ് വാക്യം 6 നൽകുന്നത്.

ആ സത്യം ഒന്നാം-നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾക്ക് പ്രത്യാശ നൽകി. പരീക്ഷണങ്ങളുടെ മദ്ധ്യത്തിലും അവർക്ക് നല്ലൊരു നാളെയെ കുറിച്ച് വിശ്വസിക്കുവാൻ കഴിഞ്ഞു:

> കൂരിരുട്ടുള്ള രാത്രിക്കുശേഷം പ്രഭാതം പൊട്ടിവിടരുന്നത് അവർക്ക് കാണുവാൻ കഴിഞ്ഞു, മരുഭൂമിയിൽ [അവർക്ക്] പെരുമഴയുടെ ധ്വനി കേൾക്കുവാൻ കഴിഞ്ഞു. തണുത്തു മരവിച്ച ശൈത്യം നീങ്ങി വസന്തത്തിന്റെ ആവിർഭാവം അവർ സന്തോഷത്തോടെ കേട്ടു. അവർ പ്രതീക്ഷാനിർഭരരായി തീർന്നു ... .[33]

എന്തിലായിരുന്നു അവരുടെ പ്രത്യാശ? "ഒരു ദേശത്തിന്റെ വിജയത്തിലോ" അല്ലെങ്കിൽ "ഏതെങ്കിലും രാഷ്ട്രീയമോ സാമ്പത്തികമോ ആയ സംവിധാനങ്ങളിലോ" ആയിരുന്നില്ല. മറിച്ച്, അവരുടെ പ്രത്യാശയുടെ അടിസ്ഥാനം "ദൈവത്തിന്റെ രാജത്വത്തിലായിരുന്നു."[34]

ദൈവം വാഴുന്നു എന്ന് ഒന്നാം-നൂറ്റാണ്ടിലെ ക്രിസ്ത്യാനികളെ ഓർപ്പിക്കേണ്ടിയിരുന്നു. അതു നമുക്കും ആവശ്യമാണ്. എന്തെല്ലാം സംഭവിച്ചാലും "ദൈവം വാഴുന്നു!" എന്ന് ക്രിസ്ത്യാനികൾക്ക് ധൈര്യമായി പറയാം.

"ദൈവം വാഴുകയാണെങ്കിൽ, ലോകത്തിൽ എന്തുകൊണ്ടാണ് ഈ പ്രശ്നങ്ങളെല്ലാം ഉണ്ടാകുന്നത്?" എന്ന് ചിലപ്പോൾ ആളുകൾ സംശയിച്ചേക്കാം.[35] "മനുഷ്യർക്ക് പൂർണ്ണ സ്വാതന്ത്ര്യം ... നൽകിക്കൊണ്ടാണ് കർത്താവ് വാഴുന്നത്" എന്ന് ക്ലോവിസ് ചാപ്പൽ നിരീക്ഷിക്കുകയുണ്ടായി.[36] (1) നമുക്ക് പാപം ചെയ്യുന്നതിന് സ്വാതന്ത്ര്യമുള്ളപ്പോഴും, നമുക്ക് പാപത്തിൽനിന്നു

മോചനം നേടുവാൻ കഴിയാതിരിക്കുമ്പോഴും, അവൻ ഭരിക്കുന്നു. (2) തിന്മയെ അവൻ തടയുന്നില്ലെങ്കിലും, അതിനാൽ അവൻ പരാജയപ്പെടാതെ വാഴുന്നു. (3) തന്നെ സ്നേഹിച്ച് അനുസരിക്കുന്നവരെ, എല്ലാ നന്മയെയും മികച്ച നന്മയാക്കി മാറ്റി, എല്ലാ നഷ്ടത്തെയും നേട്ടമാക്കി മാറ്റി, അവൻ ഭരിക്കുന്നു. (4) അവസാനം "അവൻ എല്ലാ ലംഘനങ്ങൾക്കും അനുസരണക്കേടിനും പ്രതിഫലവും പ്രതികാരവും [കൊടുക്കുമെന്ന]" നിലയിലാണ് അവൻ വാഴുന്നത് (എബ്രായർ 2:2; കെജെവി).

അമേരിക്കൻ പ്രസിഡന്റായിരുന്ന അബ്രഹാം ലിങ്കൺ 1865-ൽ കൊല്ലപ്പെട്ടപ്പോൾ, പലരും പറഞ്ഞു, "ലിങ്കൺ മരിച്ചു, പ്രത്യാശയും പോയി." ആ സമയത്ത് യുദ്ധം[37] നടക്കുന്നതിനിടയിൽ ജെനറലും സുവിശേഷപ്രാസംഗികനുമായിരുന്ന ജെയിംസ് ഏ. ഗാർഫീൽഡ് ന്യയോർക്കിലായിരുന്നു. ലിങ്കന്റെ വേർപാടിൽ അനുശോചിച്ചുകൊണ്ടിരുന്ന ഒരു കൂട്ടത്തെ സംബോധന ചെയ്ത് അദ്ദേഹം ജെനറൽ പാർക്കിൽ തടിച്ചുകൂടിയവരോട്, പറഞ്ഞു, "സർവ്വശക്തനായ[38] ദൈവമാണ് ഇപ്പോഴും വാഴുന്നത് എന്നോർക്കുക!" കാലം നന്നായാലും ഇല്ലെങ്കിലും ആ സത്യം നാം മറക്കരുത്!

> ഹല്ലേലുയ്യാ! ഹല്ലേലുയ്യാ! ...
> സർവ്വശക്തനായ ദൈവം വാഴുന്നു
> .. ... .. ... .. ... .. ... .. ... .. ... .. ... .. ... .. ... ...
> അവൻ എന്നേക്കും, എന്നുമെന്നേക്കും വാഴും,
> രാജാധിരാജാവും, കർത്താധികർത്താവും!
> രാജാധിരാജാവും, കർത്താധികർത്താവും!
> അവൻ എന്നേക്കും, എന്നുമെന്നേക്കും വാഴും
> എന്നുമെന്നേക്കും, എന്നുമെന്നേക്കും
> ഹല്ലേലുയ്യാ ...[39]

അവൻ ആരാണെന്നതിന് നമുക്ക് അവനെ തുടർച്ചയായി പുകഴ്ത്താം.

### ഉപസംഹാരം

ഹാന്റിൽ 1743 മാർച്ച് 23 ന് ലണ്ടനിൽ വെച്ച് അദ്ദേഹത്തിന്റെ മശിഹ എന്ന പേരിലുള്ള പരിപാടി അവതരിപ്പിച്ചപ്പോൾ ഇംഗ്ലണ്ടിലെ രാജാവ് സന്നിഹിതനായിരുന്നു. ആ ഗാനം പാടിയപ്പോൾ സദസ് ഇളകി മറിഞ്ഞു. "സർവ്വശക്തനായ ദൈവം വാഴുന്നു" എന്ന് പാടിയപ്പോൾ രാജാവ് മുതൽ സദസ് മുഴുവനും എഴുന്നേറ്റ് ആഹ്ലാദാരവം മുഴക്കി. അങ്ങനെയാണ് ആ "*ഹല്ലേലൂയാ ഗാനം*" എപ്പോഴും എവിടെയും മിശിഹ അവതരിപ്പിക്കുമ്പോൾ ജനം എഴുന്നേറ്റ് നിന്നുകൊണ്ടിരുന്നത്.[40]

വെളിപ്പാട് പുസ്തകത്തിലെ "ഹല്ലെലുയ്യാ!" വായിക്കുമ്പോൾ നിങ്ങൾ എഴുന്നേറ്റ് നിൽക്കുന്നതും നിൽക്കാതിരിക്കുന്നതും അപ്രസക്തമാണ്. എങ്ങനെയായാലും, *ആത്മിയമായി* നിങ്ങൾ ദൈവത്തെ ആദരിക്കുകയും പുകഴ്ത്തുകയും വേണം. സർവ്വശക്തൻ ഭൂമിയിലും സ്വർഗത്തിലും വാഴുന്നു എന്ന് ആത്മാവ് അരുളിച്ചെയ്യുന്നു, പക്ഷെ അത് അപ്പോഴും ഒരു ചോദ്യം ഉയർത്തുന്നു: നിങ്ങളുടെ ജീവിതത്തിലും ഹൃദയത്തിലും അവൻ രാജാവായി വാഴുന്നുണ്ടോ?[41]

**പ്രാസംഗികന്മാർക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള കുറിപ്പുകൾ**

ഈ പാഠവുമായുള്ള ബന്ധത്തിൽ, മിക്ക പാട്ടുപുസ്തകങ്ങളിലുമുള്ള വലിയ "ഹല്ലെലുയ്യാ ഗീതങ്ങൾ" ഒരുപക്ഷെ പാടുവാൻ നിങ്ങൾക്ക് കഴിയും.

ചില കൂട്ടിച്ചേർക്കൽ നടത്തി ഈ പാഠത്തെ ഒറ്റ-പാഠമായി ഉപയോഗിക്കാവുന്നതാണ്: ദൈവം നമുക്ക് ചെയ്തതിന് അവനെ പുകഴ്ത്തൽ ചർച്ച ചെയ്ത് മുഖ്യപോയിന്റ് കൊടുക്കാം. പിന്നെ ആ വേദഭാഗം പറയുന്നതായ ദൈവത്തിന്റെ *ന്യായവിധി* നിമിത്തം അവനെ പുകഴ്ത്തുന്നത് ഉൾപ്പെടുത്താം - എന്തുകൊണ്ട് നാം അവനെ അതിന് പുകഴ്ത്തണമെന്നും കാണിക്കാം. രണ്ടാമത്തെ മുഖ്യ പോയിന്റിൽ പുകഴ്ത്തുന്നതിന് അവന്റെ സ്വഭാവവിശേഷതകൾ ചർച്ച ചെയ്യാം. പിന്നെ അവന്റെ സ്വഭാവത്തിൽ എന്തുകൊണ്ട് അവന്റെ സർവ്വ ശക്തിയും ഭരണവും അനിവാര്യമെന്ന് പറയാവുന്നതാണ്.

---

കുറിപ്പുകൾ

[1]ജോർജ് എഫ്. ഹാന്റിൽ 1685-ൽ ജർമ്മനിയിൽ ജനിക്കുകയും ലണ്ടനിൽ വെച്ച് 1759-ൽ മരിക്കയും ചെയ്ത ഒരു വലിയ സംഗീതജ്ഞനായിരുന്നു, എല്ലാകാലത്തെയും സംഗീതാവതാരകരിൽ *മശിഹാ* ഗായകൻ എന്നാണ് അറിയപ്പെട്ടിരുന്നത്. [2]പോൾ ലീ ടാൻ, *എൻസൈക്ലോപീഡിയ ഓഫ് 7700 ഇല്ലസ്ട്രേഷൻസ്* (റോക്ക്വില്ലേ എംഡി: അഷുറൻസ് പബ്ലിഷേഴ്സ്, 1979), 326. [3]ഹാന്റിൽ 11:15 ലെ ഒരു പ്രയോഗം "അവൻ എന്നുമെന്നേക്കും വാഴും" എടുത്തിരുന്നു. [4]കെജെവിയിൽ "അല്ലെലുയാ" എന്ന ഗ്രീക്ക് തർജിമയുടെ മറ്റൊരു ഉച്ചാരണമാണ്. [5]എബ്രായഭാഷയിൽ വ്യഞ്ജനാക്ഷരങ്ങൾ ഇല്ലാത്തതുകൊണ്ടും യിസ്രായേൽ ദൈവനാമം വൃഥാ എടുക്കുവാൻ ഭയപ്പെട്ടിരുന്നതുകൊണ്ടും, "യഹോവ" എന്ന വാക്കിന്റെ ശരിയായ ഉച്ചാരണം നമുക്ക് തീർച്ചയില്ല. "യാഹേ" അടക്കമുള്ള പല ഉച്ചാരണങ്ങളും നൽകപ്പെട്ടിട്ടുണ്ട്. ആ അനിശ്ചിതത്വം നിമിത്തം പല തർജിമക്കാരും "യഹോവ/യാഹേ" എന്നീ വാക്കുകൾ "കർത്താവ്" എന്നാണ് തർജിമ ചെയ്തിരിക്കുന്നത്. [6]ഉദാഹരണത്തിന്, സങ്കീർത്തനങ്ങൾ 106, 111-113, 115-118, 135, 146-150. [7]മരണത്തെ ജയിച്ച ക്രിസ്ത്യാനികളായിരിക്കാം ഇരുപത്തു-നാല് മൂപ്പന്മാർ പ്രതിനിധീകരിച്ചത് (വേദഭാഗത്ത് അതിനെ കുറിച്ച് പിന്നീട് പരാമർശിക്കുന്നത് നോക്കുക), അവിടെ പറയുന്ന വലിയ പുരുഷാരം അസംഖ്യം വരുന്ന ദൂതന്മാരായിരിക്കാം. [8]"രക്ഷ" എന്ന വാക്ക് ഇവിടെ ഒരുപക്ഷെ വിശാലമായ രീതിയിലാകാം ഉപയോഗിച്ചിരിക്കുന്നത്. ഫ്രാങ്ക് പാക്ക് എഴുതി, "ഇവിടെ പറയുന്ന രക്ഷയിൽ കഴിഞ്ഞ കാല പാപമോചനം മാത്രമല്ല, ക്രിസ്ത്യാനികൾ നേരിടുന്ന പരീക്ഷണങ്ങളും ഉപദ്രവങ്ങളും അതിജീവിച്ച് അന്തിമമായി രക്ഷിക്കപ്പെടുന്നതും ഉൾപ്പെടുന്നു" (*റെവെലേഷൻ* പാർട്ട്, 2. *ദ ലിവിങ് വേർഡ് സീരീസ്* [ആസ്റ്റിൻ ടെക്സ്.: ആർ. ബി. സ്വീറ്റ് കമ്പനി., 1965], 40). ജെ. ഡബ്ലിയു. റോബർട്ട്സ് അർത്ഥം കൂടുതൽ വിപുലപ്പെടുത്തിയിരിക്കുന്നു. "രക്ഷ എന്നത് വിശുദ്ധന്മാരാക്കി നിത്യരാജ്യത്തിലേക്ക് പ്രവേശിപ്പിക്കുന്നത് മാത്രമല്ല (2 തിമൊഥെയൊസ് 4:18), ദൈവത്തിന്റെ ഉദ്ദേശം നിറവേറ്റുന്നതു കൂടെയാണ്." (*ദ റെവെലേഷൻ ടു ജോൺ [ദ അപോകാലിപ്സ്]*. ദ ലിവിങ് വേർഡ് കമെന്ററി സീരീസ് [ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1974], 157). [9]ആ യോഗ്യതകൾ പുസ്തകത്തിൽ മുൻപ് ദൈവത്തിന് ഉപയോഗിച്ചിട്ടുണ്ട്. (4:11; 5:12; 7:10, 12; 12:10 നോക്കുക). ഓരോന്നിനും ഊന്നൽ കൊടുക്കുവാൻ ഗ്രീക്ക് ഗ്രന്ഥത്തിൽ മൂന്നു യോഗ്യതകൾക്കും മുൻപ് ഡെഫനിറ്റ് ആർട്ടിക്കിൾ ("ദ") ഉപയോഗിച്ചിരിക്കുന്നു. [10]വില്യം ബാർക്ക്ലേ,

*ദ റെവലേഷൻ ഓഫ് ജോൺ* വാല്യം 2. റെവ. എഡി., ദ ഡെയ്‌ലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രസ്, 1976), 169. (എംഫസിസ് ഹിസ്.)

[11]നോക്കുക, 15:3; 16:7. [12]ബാർക്‌ലേ, 169. [13]*വെളിപ്പാട്, 4* എന്ന പുസ്തകത്തിലെ "ബാബിലോൻ നിങ്ങളെ വഴി തെറ്റിക്കുമ്പോൾ" എന്ന പാഠം നോക്കുക. [14]പുക "എന്നുമെന്നേക്കും ഉയരുന്നു" എന്ന അലങ്കാരം ബാബിലോന്റെ വീഴ്ച്ച പൂർണ്ണമായിരുന്നു എന്നു കാണിക്കുന്നു (18:21-23 നോക്കുക). ആ പ്രയോഗത്തെ യെശയ്യാവ് 34:9, 10 മായി താരതമ്യം ചെയ്യുക. യൂദാ 7 നോക്കുക. [15]ഓവൻ എൽ. ക്രൗച്ച്, *എക്സ്പോസിറ്ററി പ്രീച്ചിങ് ആന്റ് ടീച്ചിങ് റെവലേഷൻ* (ജോപ്ലിൻ മോ.: കോളേജ് പ്രസ് പബ്ലിഷിങ് കമ്പനി., 1985), 344. [16]ഉദാഹരണത്തിന്, *വെളിപ്പാട്, 4* എന്ന പുസ്തകത്തിലെ "മദ്ധ്യാകാശ-പ്രസംഗ പീഠം" എന്ന പാഠത്തിലെ 14:10, 11 ന്റെ കുറിപ്പുകൾ നോക്കുക. [17]ഡബ്ലിയു. ബി. വെസ്റ്റ് ജൂനിയർ., *റെവലേഷൻ ത്രു ഫസ്റ്റ്-സെഞ്ചുറി ഗ്ലാസസ്*, എഡി., ബോബ് പ്രിച്ചാർഡ് (നാഷിലേ.: ഗോസ്പെൽ അഡ്വോക്കേറ്റ് കമ്പനി., 1997), 119. [18]ലിയോൺ മോറിസ്, *റെവലേഷൻ*, റെവ. എഡി., ദ ടിൻഡേൽ ന്യൂടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1987), 211. [19]"പകരം വീട്ടൽ" എന്നത് ലാറ്റിൻ വാക്കിൽനിന്നു വന്നതാണ്, അർത്ഥം "പ്രതിരോധിക്കൽ" എന്നാണ് "ശരിയായത് കാണിക്കുവാനാണ്" ഞാൻ അത് ഉപയോഗിച്ചിരിക്കുന്നത്. അവസാനം ക്രിസ്ത്യാനികളും ക്രിസ്തുവിന്റെ നാമവും "ശരിയാണെന്ന് വരും." [20]ജോർജ് എൽഡൻ ലാഡ്, *ഏ കമെന്ററി ഓൺ ദ റെവലേഷൻ ഓഫ് ജോൺ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1972), 238. യിരെമ്യാവ് 50:15, 29; 51:24, 26, 48 നോക്കുക.

[21]ആവർത്തനപുസ്തകം 32:35; റോമർ 12:19; 2 തിമൊഥെയോസ് 4:14; എബ്രായർ 10:30; 1 പത്രൊസ് 3:9 നോക്കുക. [22]ലാഡ്, 241. [23]ആൽബർട്ട് എച്ച്. ബാൽഡിഞ്ചർ, *പ്രീച്ചിങ് ഫ്രം റെവലേഷൻ: ടൈമ്ലി മെസേജ് ഫോർ ട്രബിൾഡ് ഹാർട്ട്സ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, 1960), 107. [24]റേ സമ്മേഴ്സ്, *വർതി ഈസ് ദ ലാമ്പ്* (നാഷിലേ.: ബ്രോഡ്മാൻ പ്രസ്, 1951), 195. [25]*വെളിപ്പാട്, 2* എന്ന പുസ്തകത്തിലെ "കാര്യങ്ങൾ കാഴ്ച്ചപ്പാടിലാക്കൽ" എന്ന പാഠം നോക്കുക. [26]"ആമേൻ" എന്നത് മനോഹാരിതയുടെ അംഗീകാരമാണ് (*വെളിപ്പാട്,* 2 എന്ന പുസ്തകത്തിൽ "അതിനുണ്ടായിരുന്നതുകൊണ്ട് ഉണ്ടാക്കിയ സഭ " എന്ന പാഠത്തിലെ "ആമേൻ" എന്ന വാക്കിന്റെ കുറിപ്പുകൾ നോക്കുക.) [27]"*നമ്മുടെ* ദൈവത്തെ പുകഴ്ത്തുക" എന്ന് ആ ശബ്ദം പറഞ്ഞതുകൊണ്ട് അത് ദൈവത്തിന്റെ ശബ്ദം ആയിരിക്കയില്ല. യേശു "*നമ്മുടെ* ദൈവം" എന്ന് പറഞ്ഞിട്ടില്ലാത്തതുകൊണ്ട്, യേശുവിന്റെ ശബ്ദവും ആയിരിക്കയില്ല. (യോഹന്നാൻ 20:17 നോക്കുക.) [28]ഈ പ്രയോഗത്തെ സങ്കീർത്തനങ്ങൾ 135:1, 20 മായി താരതമ്യം ചെയ്യുക. [29]ഫിലിപ് ഈ. ഹൂഗ്സ്, *ദ ബുക്ക് ഓഫ് റെവലേഷൻ: എ കമെന്ററി* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1990), 197. [30]"സർവ്വശക്തൻ" എന്ന വാക്ക് വെളിപ്പാടിൽ ഒമ്പതു പ്രാവശ്യവും പുതിയനിയമത്തിൽ മറ്റു ഭാഗങ്ങളിൽ ഒരു പ്രാവശ്യവുമാണ് കാണുന്നത്. അർത്ഥം ഹാന്റിൽ ഉപയോഗിച്ച ലാറ്റിൻ വാക്ക് "ഓമ്നിപൊട്ടന്റ്" എന്നതു തന്നെ.

[31]റോബർട്ട് മൗൺസ്, *ദ ബുക്ക് ഓഫ് റെവലേഷൻ,* ദ ന്യൂ ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യൂ ടെസ്റ്റമെന്റ് സീരീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1977), 339. [32]*വെളിപ്പാട്, 3* എന്ന പുസ്തകത്തിൽ കാണുന്ന "അവസാനത്തെ കാഹളം" എന്ന പാഠത്തിലെ 11:17 ചർച്ച

ചെയ്തിരിക്കുന്നത് നോക്കുക. [33]ക്ലോവിസ് ജി. ചാപ്പൽ, *സെർമൺ ഫ്രം റെവലേഷൻ* (ന്യുയോർക്ക്: അബിങ്ടൺ പ്രസ്, 1943), 192. [34]ഇബിഡ്., 193. [35]ഈ ചോദ്യം കൂടുതൽ മനസിലാക്കുവാൻ, *വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ "എത്രത്തോളം?" എന്ന പാഠം നോക്കുക. പ്രത്യേകിച്ച് കുറിപ്പു 30 നോക്കുക. [36]ഇബിഡ്., 197. ഇനിയുള്ള ആദ്യത്തെ മൂന്നു പോയിന്റുകൾ ചാപ്പൽ 197-98 ൽനിന്നുള്ളതാണ്. നാലാമത്തെ പോയിന്റ് കൂട്ടിച്ചേർത്തതാണ്. [37]ഗാർഫീൽഡ് പിന്നീട് അമേരിക്കയിലെ ഇരുപതാമത്തെ പ്രസിഡണ്ടായി (1881-ൽ). [38]ഈ സംഭവം വെസ്റ്റ്, 128-ൽ കാണാം. [39]ജോർജ് എഫ്. ഹാന്റിൽ, "ഹല്ലേലുയ്യാ കോറസ്," *സോങ്സ് ഓഫ് ഫെയിത്ത് ആന്റ് പ്രെയിസ്*, എഡി., ആൾട്ടൻ എച്ച്. ഹോവാർഡ് (വെസ്റ്റ് മോൺറോ ലാ.: ഹോവാർഡ് പബ്ലിഷിങ്ങ് കമ്പനി., 1996). [40]ഈ സംഭവം ടാൻ 480-ൽ നിന്നെടുത്തതാണ്.

[41]ഇത് നിങ്ങൾ ഒരു പ്രസംഗമായി അവതരിപ്പിക്കുകയാണെങ്കിൽ, സദസ്യർ വിശ്വാസത്താൽ അവന്റെ കൽപനകൾ അനുസരിച്ചു "യേശുവിനെ അവരുടെ ജീവിതത്തിന്റെ രാജാവായി" തീരുവാൻ പ്രോൽസാഹിപ്പിക്കുക. ക്രിസ്ത്യാനിയായി തീരുവാൻ പ്രബോധിപ്പിക്കുന്ന വേദഭാഗങ്ങളാണ്, യോഹന്നാൻ 3:16; മർക്കൊസ് 16:16; പ്രവൃത്തികൾ 2:38; ഗലാത്യർ 3:26, 27. തെറ്റിപ്പോയവർ യഥാസ്ഥാനപ്പെടുവാനായുള്ള വേദഭാഗങ്ങളാണ്, പ്രവൃത്തികൾ 8:22; യാക്കൊബ് 5:16; 1 യോഹന്നാൻ 1:9. കൂടാതെ ഈ പുസ്തകത്തിൽ മുൻപ് വന്ന "എന്റെ ജനമേ, അവളെ വിട്ടുപോരുവിൻ" എന്ന പാഠവും നോക്കുക.

---

## ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ

1. ഹാന്റിലിന്റെ "ഹല്ലേലുയ്യാ കോറസും" ആയി വെളിപ്പാട് 19:1-6, 16; 11:15 മായി താരതമ്യം ചെയ്യുക.
2. "ഹല്ലേലുയ്യാ" എന്ന വാക്കിന്റെ അക്ഷരികമായ അർത്ഥമെന്ത്? ആ വാക്കിൽ ദൈവനാമം ഉൾപ്പെട്ടിരിക്കയാൽ ആ വാക്ക് നാം എന്തിനും ഉപയോഗിക്കാമോ?
3. ഏതെല്ലാം രണ്ടു കാര്യങ്ങൾക്കാണ് (പാഠമനുസരിച്ച്) നാം ദൈവത്തെ പുകഴ്ത്തേണ്ടത്? ആ രണ്ട് വിഷയങ്ങൾക്കായി - സങ്കീർത്തനങ്ങളും - പാട്ട് പുസ്തകങ്ങളും നോക്കുക.
4. ആദ്യക്രിസ്ത്യാനികളോട് റോമിന്റെ പതനത്തിൽ സന്തോഷിക്കുവാൻ കൽപിച്ചതിന്റെ കാരണം എന്താണെന്നാണ് *നിങ്ങൾ* കരുതുന്നത്?
5. തിന്മ ശിക്ഷിക്കപ്പെടണം എന്നത് എന്തുകൊണ്ടാണ് അത്യന്താപേക്ഷിതമായിരിക്കുന്നത്?
6. അദ്ധ്യായം 19-ൽ നാം അവസാനമായിട്ടാണ് ഇരുപത്തി-നാല് മൂപ്പന്മാരെയും നാല് ജീവികളെയും കാണുന്നത്. ആ അലങ്കാരങ്ങളും സിംഹാസനരംഗത്തോട് ചേർത്തിരിക്കുന്നതും വിലയുള്ളതാകാമെന്ന് അവലോകനം ചെയ്യുക.
7. "ദൈവം വാഴുന്നു" എന്നറിയുന്നത് ആദ്യക്രിസ്ത്യാനികൾക്ക് എത്ര പ്രാധാന്യമുള്ളതായിരുന്നു? അത് അറിയുന്നത് നമുക്ക് എത്ര പ്രാധാന്യമുള്ളതാണ്?
8. ദൈവം നമ്മുടെ ഹൃദയങ്ങളിൽ വാഴുന്നു എന്നാണ് പാഠം പറയുന്നത്. "നമ്മുടെ ഹൃദയങ്ങളിൽ വാഴുന്നു" എന്നതുകൊണ്ട് ദൈവം എന്താണ് ഉദ്ദേശിക്കുന്നത്?